**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3351** **13-07-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം ഉറമുഖ നിർമ്മാണത്തിനുള്ള കരിങ്കല്ല്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. അഹമ്മദ് ദേവർകോവിൽ (തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം ഉറമുഖ നിർമാണം വേഗത്തിലാക്കുന്നതിനായി തമിഴ്നാട്ടിൽ നിന്ന് കരിങ്കല്ല് എത്തിക്കുന്നത് സംബന്ധിച്ച് തമിഴ്നാട്ടുമായി മന്ത്രിതല ചർച്ച നടത്തുന്നതിന് തീരുമാനിക്കുകയുണ്ടായോ; | (എ) | ചർച്ച നടത്തിയിട്ടുണ്ട്. |
| (ബി) | ഉറമുഖ നിർമ്മാണം പൂർത്തിയാക്കുന്നതിനായി ഇനി എത്ര ടൺ കരിങ്കല്ല് ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്; | (ബി) | ഉറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിക്കുവാനായി ഏകദേശം 87 ലക്ഷം ടൺ കരിങ്കല്ലാണ് ആവശ്യമായിട്ടുള്ളത്. ഇതിൽ 40.23 ലക്ഷം ടൺ (46%) കരിങ്കല്ല് ഇതിനോടകം സംഭരിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ഇനി 46.77 ലക്ഷം ടൺ (54%) കരിങ്കല്ലാണ് ആവശ്യമായിട്ടുള്ളത്. |
| (സി) | കരിങ്കല്ല് ലഭ്യത വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ ക്വാറികൾക്ക് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ എത്ര ക്വാറികൾക്കാണ് പുതുതായി അനുമതി നൽകുന്നത്; ഇതിലൂടെ എത്ര ടൺ കരിങ്കല്ല് ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്; | (സി) | ഉണ്ട്. നാളിതുവരെ അഞ്ച് ക്വാറികൾ എല്ലാവിധ അനുമതികളും നൽകി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇതിൽ രണ്ടെണ്ണം അദാനി കമ്പനിക്ക് നേരിട്ട് അനുവദിച്ചിട്ടുള്ളതും, മൂന്നെണ്ണം 50% കരിങ്കല്ല് വിഴിഞ്ഞം പദ്ധതിക്ക് നൽകുമെന്ന വ്യവസ്ഥയിൽ സ്വകാര്യ പങ്കാളികൾക്കുമാണ് അനുവദിച്ചിട്ടുള്ളത്. ഇതുകൂടാതെ 5 ക്വാറികൾക്ക് പാരിസ്ഥിതികാനുമതി ഇതിനോടകം നൽകിയിട്ടുണ്ട്. 3 ക്വാറികൾക്ക് പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. 2 ക്വാറികൾക്ക് അനുമതി നൽകുന്നത് സംബന്ധിച്ച് മൈനിങ് & ജിയോളജി വകുപ്പ് പരിശോധിച്ചുവരുന്നു. |
| (ഡി) | നിലവിൽ കേരളത്തിൽ നിന്ന് മാത്രം എത്ര ടൺ കരിങ്കല്ലാണ് ഉറമുഖ നിർമ്മാണത്തിനായി എടുത്തിട്ടുള്ളത്; ഏതൊക്കെ ജില്ലകളിൽ നിന്നാണ് | (ഡി) | തിരുവനന്തപുരം ജില്ലയിൽ നിന്ന് 18.66 ലക്ഷം ടണ്ണും കൊല്ലം ജില്ലയിൽ നിന്ന് 7.76 ലക്ഷം ടൺ കരിങ്കല്ലും ലഭ്യമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ഇത് ലഭ്യമാക്കിയത്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | | |
| (ഇ) | സംസ്ഥാനത്തെ 18 ക്വാറികൾ അദാനി ഗ്രൂപ്പിന് നൽകുന്നതിന് ധാരണയായിട്ടുണ്ടോ; എങ്കിൽ ഇതിൽ എത്ര എണ്ണമാണ് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്; | (ഇ) | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ സർക്കാർ പുറമ്പോക്ക് ഭൂമികളിലായി 8 ക്വാറികൾ സ്ഥാപിക്കുന്നതിനായുള്ള NOC അദാനി കമ്പനിക്ക് സർക്കാർ നൽകിയിട്ടുണ്ട്. ഖനനത്തിന് ആവശ്യമായുള്ള വിവിധ അനുമതികൾക്കായി വിവിധ വകുപ്പുകളിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. NOC ലഭ്യമാക്കിയ 8 ക്വാറികളിൽ 2 ക്വാറികൾ എല്ലാ അനുമതികളും നേടിയെടുത്ത് നിലവിൽ പ്രവർത്തന ക്ഷമമാണ്. മറ്റുള്ള ക്വാറികൾ ഖനനാനുമതികൾ നേടുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതിനു പുറമേ, അദാനി കമ്പനി വിവിധ സ്വകാര്യ പങ്കാളികളുമായി ചേർന്നും പുതിയ ക്വാറികൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ നിന്നും ഖനനം ചെയ്യുന്ന അളവിന്റെ 50% കരിങ്കല്ല് വിഴിഞ്ഞം പദ്ധതിക്കായി ലഭിക്കും. ഇത്തരത്തിൽ 8 ക്വാറികൾ കൂടി സ്ഥാപിക്കുന്നതിനായുള്ള അപേക്ഷകൾ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇവയിൽ 3 ക്വാറികൾ എല്ലാ അനുമതികളും നേടിയെടുത്ത് നിലവിൽ പ്രവർത്തനക്ഷമമാണ്. മറ്റുള്ള 5 ക്വാറികൾ ഖനനാനുമതികൾ നേടുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. |
| (എഫ്) | തമിഴ്നാട്ടിൽ നിന്നും കല്ല് എത്തിക്കുന്നത് സംബന്ധിച്ച് ചർച്ചകൾ നടത്തുന്നതിലേക്ക് നയിച്ച സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എഫ്) | പുലിമുട്ട് നിർമ്മാണത്തിന് വലിപ്പം കൂടിയതും, പ്രത്യേകം തരംതിരിച്ചിട്ടുള്ളതുമായ കരിങ്കല്ലുകളാണ് ആവശ്യമായിട്ടുള്ളത്. പുലിമുട്ട് നിർമ്മാണം, കടൽ ഭിത്തി നിർമ്മാണം തുടങ്ങിയവയ്ക്ക് മാത്രമാണ് ഇത്തരത്തിലുള്ള കരിങ്കല്ലുകൾ ആവശ്യമായിട്ടുള്ളത്. ആയതിനാൽ, സാധാരണ ക്വാറികളിൽ നിന്നും ടി കരിങ്കല്ലുകൾ ലഭ്യമാക്കാൻ ബുദ്ധിമുട്ടുണ്ട്. കൂടാതെ, വിഴിഞ്ഞം തുറമുഖം പോലൊരു ബൃഹത്തായ പദ്ധതിക്കാവശ്യമായ ഭീമമായ അളവിലുള്ള കരിങ്കലിന്റെ ആവശ്യകതയും കണക്കിലെടുത്ത് തമിഴ്നാട്ടിൽ നിന്നും കല്ല് എത്തിക്കുന്നത് സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ട്. |
| (ജി) | എത്ര ടൺ കരിങ്കല്ലാണ് തമിഴ്നാട്ടിൽനിന്നും തുറമുഖ നിർമ്മാണ ആവശ്യത്തിലേക്കായി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്; ഇതിനോടകം എത്ര കൊണ്ടുവന്നിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ജി) | നാളിതുവരെ പദ്ധതിക്കായി 13.36 ലക്ഷം ടൺ കരിങ്കല്ലാണ് തമിഴ്നാട്ടിൽ നിന്നും കൊണ്ടുവന്നിട്ടുള്ളത്. തുടർന്നും കല്ല് ലഭിക്കാനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ